നമ്പർ.ഐ (3) 10275/2018

ലേബർ കമ്മീഷണറുടെ കാര്യാലയം,
തൊഴിൽഭവൻ, വികാസ് ഭവൻ പി.ഒ.,
തിരുവനന്തപുരം-695 033.
Website: www.lc.kerala.gov.in
തീയതി: 19.08.2018

## സർക്കുലർ

വിഷയം: 2018-ലെ ബോണസ് ചർച്ചകളുടെ ക്രമീകരണം - സംബന്ധിച്ച്

സൂചന: 10.08.18-ലെ സ.ഉ(അച്ചടി) നമ്പർ. 68/2018/തൊഴിൽ

പൊതുമേഖലാ സ്ഥാപനങ്ങളിലെ ബോണസ് വിതരണം സംബന്ധിച്ച് സൂചന (1) പ്രകാരം സർക്കാർ ഇതിനോടകം തന്നെ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാകുന്നു. സംസ്ഥാനത്ത് നിലനിൽക്കുന്ന പ്രളയക്കെടുതിയുടെ പശ്ചാത്തലതിൽ 2018 -ലെ ബോണസ് ചർച്ചകൾ ക്രമീകരിക്കുന്നതും ബന്ധപ്പെട്ട കക്ഷികൾ ചർച്ചയ്ക്കായി എത്തി ചേരുന്നതും, നിലവിലെ സാഹചര്യത്തിൽ അത്യന്തം ശ്രമകരമാണെന്നു മനസ്സിലാക്കുന്നു. ആയതിനാൽ നാളിതുവരെ ബോണസ് നൽകുന്നതുമായി ബന്ധപ്പെട്ട് തീരുമാനമെടുക്കാത്ത സ്ഥാപനങ്ങളും തൊഴിലുടമകളും, കഴിഞ്ഞ വർഷം അനുവദിച്ച അതേ നിരക്കിൽ ബോണസ് ഈ വർഷവും അനുവദിച്ച് ആയത് ഓണത്തിന് മുൻപായി വിതരണം ചെയ്യണമെന്ന് നിർദ്ദേശിക്കുന്നു. ബോണസുമായി ബന്ധപ്പെട്ട മറ്റു വിഷയങ്ങൾ ഓണത്തിനു ശേഷം ചർച്ച നടത്തി തീരുമാനം എടുക്കാവുന്നതാണ്.

എല്ലാ സ്വകാര്യ/ പൊതുമേഖലാ സ്ഥാപനങ്ങളും ഈ സർക്കുലർ പ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതും, നടപടി വിവരം ബന്ധപ്പെട്ട ജില്ലാ ലേബർ ഓഫീസർമാരെ/ ബോണസ് ആക്ട് പ്രകാരമുള്ള അതോറിറ്റിയെ അറിയിക്കേണ്ടതുമാണ്.

ലേബർ കമ്മീഷണർക്കു വേണ്ടി

എല്ലാ കൺസിലേഷൻ ഓഫീസർമാർക്കും } സർക്കുലറിലെ നിർദ്ദേശം പാലിക്കുന്നതിനായി ആവശ്യമായ ക്രമീകരണങ്ങൾ സ്വീകരിക്കുന്നതിനായി

പകർപ്പ്

1. ഇൻഫർമേഷൻ ഓഫീസർ
2. ഐ.റ്റി സെൽ